## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **08-08-2023 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് TATA ഹോസ്പിറ്റൽ ഭൂമി കൈമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് TATA ഹോസ്പിറ്റൽ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് TATA ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്ന 2.0306 ഹെക്ടർ ഭൂമി ആരോഗ്യവകുപ്പിന് കൈമാറി കിട്ടുന്നതിനായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സ്ഥലം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന കൊടുത്ത വകുപ്പ് തല ഭൂമി കൈമാറ്റ അപേക്ഷ റവന്യൂ വകുപ്പ് ഹെൽത്ത് വകുപ്പിന്റെ അഭിപ്രായം (ഫയൽ നമ്പർ E 2/171/23/ Health ) ആരാഞ്ഞ് ഹെൽത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയൽ ആരോഗ്യ വകുപ്പ് വീണ്ടും ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ ആവശ്യം എന്താണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം തേടിയിരുന്നു. |
| (ഡി) | അടിയന്തരമായി ആരോഗ്യ വകുപ്പിന് കിട്ടേണ്ട സ്ഥലം കൈമാറ്റ ഫയൽ കാലതാമസം വരുത്താതെ റവന്യൂ വകുപ്പിൽ തിരിച്ച നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ലഭ്യമാക്കിയതിനെ തുടർന്ന് ആരോഗ്യ വകുപ്പിന്റെ അഭിപ്രായം രേഖപ്പെടുത്തി റവന്യൂ വകുപ്പിന് ഫയൽ തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ